# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ
# ഡോ. യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

**കല്പന നമ്പർ: 1393/02/24**

*നമ്മുടെ സഭയിലെ സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിക്ക് 2024 ഫെബ്രുവരി 19-ാം തീയതി 75 വയസ്സ് പൂർത്തിയാകുകയാണ്. സഭയിലും പൊതു സമൂഹത്തിലും അത്യന്തം അനുഗ്രഹീതവും ശ്രേഷ്ഠവുമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്ന തിരുമേനിയുടെ ധന്യജീവിതത്തിനായി ദൈവത്തെ മഹത്വപ്പെടുത്തുന്നു. സമകാലിക പ്രസക്തവും അർത്ഥവത്തുമായ ക്രിസ്തീയ സാക്ഷ്യ നിർവ്വഹണത്തിലൂടെ സഭയ്ക്ക് നേതൃത്വം നൽകുന്ന തിരുമേനിക്ക് ആശംസകൾ അർപ്പിക്കാം.

അഭിവന്ദ്യ തിരുമേനിയുടെ 75-ാം ജന്മവാർഷിക ആഘോഷം 2024 ഫെബ്രുവരി 19-ാം തീയതി തിങ്കളാഴ്ച രാവിലെ 7.30 മണി മുതൽ തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തുന്നതിനു ക്രമീകരണം ചെയ്തിരിക്കുകയാണ്. രാവിലെ 7.30 മണിക്ക് വിശുദ്ധ കുർബ്ബാന ശുശ്രൂഷയും സ്തോത്ര ശുശ്രൂഷയും ആരംഭിക്കും. തുടർന്ന് 9 മണിക്ക് ജന്മദിന ആശംസാ സമ്മേളനം ക്രമീകരിച്ചിട്ടുണ്ട്. ബഹു. ഗോവാ ഗവർണ്ണർ അഡ്വ. പി. എസ്. ശ്രീധരൻ പിള്ള സമ്മേളനം ഉദ്ഘാടനം ചെയ്യും. മറ്റു വിശിഷ്ടാതിഥികൾ ആശംസകൾ നേരും. ജന്മദിനാഘോഷത്തിന്റെ ഭാഗമായി സഭയുടെയും നിരണം-മാരാമൺ ഭദ്രാസനത്തിന്റെയും ആഭിമുഖ്യത്തിലുള്ള രണ്ടു പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

ഈ ശുശ്രൂഷകളിലേക്കും സമ്മേളനത്തിലേക്കും എല്ലാവരെയും ക്ഷണിക്കുന്നു. വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്ക് എത്തുന്നവർ അന്നേദിവസം രാവിലെ 7.15 മണിക്ക് മുമ്പും ആശംസാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് എത്തുന്നവർ രാവിലെ 8.45 മണിക്ക് മുമ്പും പള്ളിയിൽ പ്രവേശിച്ചിരിക്കേണ്ടതാണ്. വിശുദ്ധ കുർബ്ബാന ശുശ്രൂഷയും സമ്മേളനവും ക്രമീകരണങ്ങളും ഏറ്റവും അനുഗ്രഹകരമാകുന്നതിന് എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ സഭാ ആഫീസിൽ നിന്നും 2024 ഫെബ്രുവരി മാസം 6-ാം തീയതി,

**ഡോ. യുയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA
# DR. EUYAKIM MAR COORILOS SUFFRAGAN METROPOLITAN

**Kalpana No. 1393/02/24**

*Blessings to you all the Vicars, Resident Clergy, Trustees*
*and Members of all the Parishes of the Church.*

Beloved in Christ,

Our Metropolitan, H.G. the Most Rev. Dr. Theodosius Mar Thoma Metropolitan, is completing 75 years on 19th February 2024. I praise God for the blessed and exemplary service of Thirumeni in the Church and society. Let us offer our felicitations to Thirumeni who leads the Church through meaningful and relevant Christian witness.

Thirumeni's 75th birth anniversary celebrations are arranged to be held on Monday, 19th February 2024, from 7:30 AM, at the St. Thomas Mar Thoma Church, Thiruvalla. The Holy Qurbana and Thanksgiving service will commence at 7:30 AM. Afterwards, a felicitation meeting is arranged at 9 AM, which will be inaugurated by H.E. Adv. P. S. Sreedharan Pillai, the Governor of Goa. Felicitations will be offered by the Guests of Honour. As part of the birthday celebrations, two charitable projects, one each under the auspices of the Church and of the Niranam-Maramon Diocese, will be inaugurated.

All are invited to these services and the meetings. Those who wish to participate in the Holy Qurbana must be present before 7:15 AM on that day, and those who wish to participate in the felicitation meeting must be present before 8:45 AM in the Church. I exhort everyone to pray and co-operate heartily so that the Holy Qurbana service and the felicitation meeting may become a blessing.

Grace be with you all.

Dated 6th February 2024, from the Sabha Office, Thiruvalla,

EMCoorilos+

**Dr. Euyakim Mar Coorilos Suffragan Metropolitan**